**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1846** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക്ക് കാറുകളുടെ വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക്ക് കാറുകൾ വാടകയ്ക്ക് എടുത്ത വകയിൽ നാളിതുവരെ അനെർട്ടിന് നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പ് വാടകയ്ക്കെടുത്ത 71 ഇലക്ട്രിക് വാഹനങ്ങളുടെ വാടകയിനത്തിൽ, 7/11/2020 മുതൽ 31/12/2021 വരെ, ആകെ 2,88,81,431/- രൂപ (രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ) അനെർട്ടിന് നൽകിയിട്ടുണ്ട്. |
| (ബി) | മോട്ടോർ വാഹന വകുപ്പ് വാടകയ്ക്ക് എടുത്ത ഇലക്ട്രിക്ക് കാർ ഒന്നിന് വിപണിയിൽ പരമാവധി 20 ലക്ഷം രൂപ ആണെന്നിരിക്കെ 65 കാറിന് വാടക ഇനത്തിൽ മാത്രം 31.22 കോടി രൂപ ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മോട്ടോർ വാഹന വകുപ്പ് വാടകയ്ക്കെടുത്തിട്ടുള്ള 71 ഇലക്ട്രിക് വാഹനങ്ങളുടെ വാടകയിനത്തിൽ, നാളിതുവരെ, 2,88,81,431/- രൂപ (രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ) മാത്രമെ, ചെലവായിട്ടുള്ളു. എല്ലാ സർക്കാർ വകുപ്പുകളും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂവെന്ന് G.O(P)No.24/2020/Fin dated 07/03/2020 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സർക്കാർ പുറപ്പെടുവിച്ച G.O.(Rt.)No.206/2020/Trans dated 16/06/2020, G.O.(Rt.)No.240/2020/Trans dated 15/07/2020, G.O.(Rt.)No.13/2021/Trans dated 08/01/2021, G.O.(Rt.)No.138/2021/Trans dated 09/04/2021 എന്നീ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ്, സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, കേന്ദ്ര സർക്കാർ സ്ഥാപനമായ Energy Efficiency Services Ltd (EESL) - ൽ നിന്നും ANERT വഴി ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുത്തിരിക്കുന്നത്. ഇപ്രകാരം 1000 കാറുകൾ വാടകയ്ക്കെടുക്കുമ്പോൾ 7.5 കോടിയോളം രൂപ ലാഭിക്കാമെന്നും 1500 കോടിയോളം രൂപയുടെ അധിക ചെലവ് ഒഴിവാക്കാമെന്നും 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലും പെട്രോൾ, ഡീസൽ കാറുകളിൽ നിന്നും ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാമെന്ന പരിസ്ഥിതി സൗഹൃദ കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലാണ് എല്ലാ സർക്കാർ വകുപ്പുകളിലും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചുകൊണ്ട്, 07/03/2020-ൽ G.O.(P)No.24/2020/Fin ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്. |
| (സി) | ഇലക്ട്രിക്ക് വാഹനങ്ങൾക്ക് മറ്റുവാഹനങ്ങളെ അപേക്ഷിച്ച് പരിപാലന ചെലവ് കുറവ് ആയിരിക്കെ വാടകയ്ക്ക് എടുക്കുന്ന കാറുകളുടെ ഉടമസ്ഥാവകാശം സർക്കാരിന് ലഭിക്കാത്ത സാഹചര്യത്തിൽ ഏകദേശം 13 കോടി രൂപ ചെലവഴിച്ച് വാഹനം വാങ്ങുന്നതിന് പകരം 31.22 കോടി രൂപ വാടക നൽകുന്ന സാഹചര്യം പുനപരിശോധിക്കുമോ? | (സി) | മോട്ടോർ വാഹന വകുപ്പ് വാടകയ്ക്കെടുത്തിട്ടുള്ള 71 ഇലക്ട്രിക് വാഹനങ്ങളുടെ വാടകയിനത്തിൽ, നാളിതുവരെ, 2,88,81,431/- രൂപ (രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ) മാത്രമെ, ചെലവായിട്ടുള്ളു. എല്ലാ സർക്കാർ വകുപ്പുകളും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂവെന്ന് G.O(P)No.24/2020/Fin dated 07/03/2020 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സർക്കാർ പുറപ്പെടുവിച്ച G.O.(Rt.)No.206/2020/Trans dated 16/06/2020, G.O.(Rt.)No.240/2020/Trans dated 15/07/2020, G.O.(Rt.)No.13/2021/Trans dated 08/01/2021, G.O.(Rt.)No.138/2021/Trans dated 09/04/2021 എന്നീ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ്, സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, കേന്ദ്ര സർക്കാർ സ്ഥാപനമായ Energy Efficiency Services Ltd (EESL) - ൽ നിന്നും ANERT വഴി ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുത്തിരിക്കുന്നത്. ഇപ്രകാരം 1000 കാറുകൾ വാടകയ്ക്കെടുക്കുമ്പോൾ 7.5 കോടിയോളം രൂപ ലാഭിക്കാമെന്നും 1500 കോടിയോളം രൂപയുടെ അധിക ചെലവ് ഒഴിവാക്കാമെന്നും 2020-21 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും പെട്രോൾ, ഡീസൽ കാറുകളിൽ നിന്നും ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാമെന്ന പരിസ്ഥിതി സൗഹൃദ കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലാണ് എല്ലാ സർക്കാർ വകുപ്പുകളിലും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചുകൊണ്ട്, 07/03/2020-ൽ G.O.(P)No.24/2020/Fin ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്. |

സെക്ഷൻ ഓഫീസർ